"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം- ജീവനക്കാര്യം- ശ്രീമതി. ഊർമ്മിള രാജ് യു, ടൗൺ പ്ലാനർ-ന് ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2882/2025/LSGD തീയതി,തിരുവനന്തപുരം, 28-11-2025

---

പരാമർശം:-

1. സ.ഉ( സാധാ) നം. 2155/2025/തസ്വഭവ തീയതി. 30.08.2025
2. സ.ഉ(സാധാ) നം. 2342/2025/തസ്വഭവ തീയതി. 25.09.2025
3. സ.ഉ(സാധാ) നം. 2449/2025/തസ്വഭവ തീയതി. 8.10.2025
4. തദ്ദേശ സ്വയംഭരണ (ഐ എ) വകുപ്പിന്റെ 09.10.2025 തീയതിയിലെ IA2/94/2025/LSGD നമ്പർ അനൗദ്യോഗികക്കുറിപ്പ്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ ടൗൺ പ്ലാനർ ശ്രീമതി.ഊർമ്മിള രാജ്. യു-വിന് പരാമർശം (1) ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലാ കാര്യാലയത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതേസമയം, ശ്രീമതി.ഊർമ്മിള രാജ് യു-വിനെ കെ.യു.ആർ. ഡി.എഫ്.സി-അസിസ്റ്റന്റ് മാനേജർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതിനാൽ ആലപ്പുഴ ജില്ലാ കാര്യാലയത്തിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച നടപടി റദ്ദ് ചെയ്തു കൊണ്ട് പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമനം റദ്ദ് ചെയ്തതിനാൽ ശ്രീമതി.ഊർമ്മിള രാജിന് മാതൃവകുപ്പിൽ നിയമനം നൽകുവാൻ സൂചന (4) പ്രകാരം അറിയിച്ചിരുന്നു.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ടിയാൾക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകിയ ശേഷം ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ടൗൺ പ്ലാനർ തസ്തികയിലേക്ക് മറ്റൊരു ഉദ്യോഗസ്ഥനെയും നിയമിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. അതിനാൽ, അന്യത്ര സേവന നിയമനം റദ്ദാക്കിയതോടെ, ടിയാളുടെ യഥാസ്ഥാനമായ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ

കാര്യാലയത്തിലെ പോസ്റ്റിലേക്കുള്ള നിയമനം സ്വഭാവികമായും പുനഃസ്ഥാപിക്കപ്പെട്ടതായി സർക്കാർ നിരീക്ഷിക്കുന്നു.

ആയതിനാൽ , ശ്രീമതി ഊർമിള രാജ് യു-നെ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ നിലവിലുള്ള ഒഴിവിൽ ടൗൺ പ്ലാനർ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഉദ്യോഗസ്ഥ ഉടൻതന്നെ ജോലിയിൽ പ്രവേശിക്കേണ്ടതും RTC സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ

ശ്രീമതി. ഊർമ്മിള രാജ്. യു, ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്
( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

തദ്ദേശ സ്വയംഭരണ ( ഐ എ) വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 28-11-2025 15:03:22